
# പോരാട്ടങ്ങൾക്ക് ശക്തിപകരുന്ന പി കെ വിയുടെ ദീപ്തസ്മരണ

**2011 ജൂലൈ 12**




കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നത നേതാവ് മികച്ച പാർലമെന്റേറിയൻ, ക്രാന്തദർശിയായ ഭരണാധികാരി, ഒന്നാംകിട പ്രക്ഷോഭകാരി, സംഘാടകൻ തുടങ്ങിയ നിലകളിൽ കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ നിറഞ്ഞുനിന്ന പി കെ വാസുദേവൻ നായർ നമ്മെവിട്ടു പിരിഞ്ഞിട്ട് ഇന്ന് ഏഴു വർഷമാകുന്നു. പ്രവർത്തിച്ച മേഖലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞ നേതാവായിരുന്നു പി കെ വി.

പി കെ വിയുടെ തലമുറയിലെ മറ്റ് പല കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെയുംപോലെ വിദ്യാർത്ഥി യായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായാണ് അദ്ദേഹവും പൊതു രംഗത്തു കടന്നുവന്നത്. ആലുവ യു സി കോളജിൽ വിദ്യാർഥിയായിരുന്നപ്പോഴാണ് പി കെ വി സംഘടനാ പ്രവർത്തനത്തിൽ പങ്കാളിയാകുന്നത്. വിദ്യാർഥി ഫെഡറേഷന്റെ സജീവ പ്രവർത്തക നായിരുന്ന അദ്ദേഹം അതിവേഗം സംഘടനയുടെ നേതൃത്വത്തിലേയ്ക്ക് ഉയർന്നു. തിരു-കൊച്ചി യിലുടനീളം വിദ്യാർഥി ഫെഡറേഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിലും സംഘടന ശക്തിപ്പെടുത്തുന്ന തിലും നേതൃത്വപരമായ പങ്ക് വഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

യു സി കോളജിൽ വച്ചു തന്നെ പി കെ വി കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി അടുത്തു. പി കൃഷ്ണ പിള്ള ഉൾപ്പെടെയുള്ള നേതാക്കന്മാർ യു സി കോളജിലെ വിദ്യാർഥി ഫെഡറേഷൻ പ്രവർത്തകരു മായി നിരന്തര സമ്പർക്കം പുലർത്തിയിരുന്നു. അധികം വൈകാതെ പി കെ വി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പൂർണ സമയ പ്രവർത്തകനായി മാറി. പുന്നപ്രയിലും വയലാറിലും സർ സി പിയുടെ പട്ടാളം താണ്ഡവമാടിയതിനെ തുടർന്നു ഭീകരാവസ്ഥ നിലനിന്ന പ്രദേശങ്ങളിൽ ആദ്യമായെത്തിയ വിദ്യാർഥി ഫെഡറേഷൻ പ്രവർത്തകർക്ക് നേതൃത്വം നൽകിയത് പി കെ വിയായിരുന്നു.

വിദ്യാർഥികളെ സംഘടിപ്പിക്കുകയും അവരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത പി കെ വി അഖിലേന്ത്യാ യുവജന ഫെഡറേഷൻ രൂപം നൽകുന്നതിലും സുപ്രധാന പങ്കുവഹിച്ചു. എ ഐ വൈ എഫിന്റെ ദേശീയ പ്രസിഡന്റായിരുന്നു അദ്ദേഹം.

കിടയറ്റ പാർലമെന്റേറിയനായിരുന്നു പി കെ വി. 1957-ൽ തിരുവല്ല മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം ആദ്യമായി ലോക്സഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടത്. തുടർന്ന് ആലപ്പുഴ, പീരുമേട് മണ്ഡലങ്ങളിൽ നിന്നും വിജയിച്ചു. കക്ഷി പരിഗണനകൾക്കതീതമായി എല്ലാവരുടെയും ആദരവു നേടിയ അംഗമായിരുന്നു പി കെ വി. ലോക്സഭയുടെ പാനൽ ഓഫ് ചെയർമാൻമാരിൽ ഒരാളാ യിരുന്നു അദ്ദേഹം. കടുത്ത കമ്മ്യൂണിസ്റ്റ് വിരോധിയായ മൊറാർജി ദേശായിപോലും പി കെ വിയെ പ്രശംസിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും നില പാടുകൾ സമർഥമായി അവതരിപ്പിക്കാൻ പി കെ വി ക്ക് സവിശേഷമായ കഴിവുണ്ടായിരുന്നു. കേരളത്തിന്റെ പ്രശ്നങ്ങൾക്കുവേണ്ടി സഭയ്ക്കകത്തും പുറത്തും അദ്ദേഹം പൊരുതി. കേരളത്തിൽ സ്റ്ററ്റ്യൂട്ടറി റേഷനിംഗ് ഏർപ്പെടുത്താൻ കേന്ദ്രസർക്കാരിനെ നിർബന്ധിതമാക്കുന്നതിൽ എ കെ ജി യുടെയും പി കെ വിയുടെയും നേതൃത്വത്തിൽ നടത്തിയ സമരം വലിയ പങ്ക് വഹിച്ചിരുന്നു. കൊച്ചി കപ്പൽ നിർമാണശാല ഉൾപ്പെടെയുള്ളവ അനുവദിപ്പിക്കാനും പി കെ വി നിരന്തരം ശബ്ദ മുയർത്തി. മലയോര കർഷകരുടെ താൽപര്യങ്ങൾ പരിരക്ഷിക്കാൻ സഹായകമായ മണിയങ്ങാടൻ കമ്മിറ്റിയിലെ അംഗമെന്ന നിലയിൽ പി കെ വി നൽകിയ സംഭാവന വിലപ്പെട്ടതാണ്. ചെറുകിട

റബ്ബർ കർഷകരുടെ സംഘടനകൾക്കും അദ്ദേഹം നേതൃത്വം നൽകിയിരുന്നു. ദീർഘനാളത്തെ ഇടവേളക്കു ശേഷം 2004–ൽ പി കെ വി ലോക്സഭയിൽ തിരിച്ചു വന്നു. തിരുവനന്തപുരം മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പി കെ വി പാർലമെന്റിന്റെ തൊഴിൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനായിരുന്നു.




**മൊറാർജി ദേശായി**



**പി കെ വി മന്ത്രിസഭ**

1977–ൽ നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട പി കെ വി മന്ത്രിസഭാംഗമായി. വ്യവസായം, വിദ്യുച്ഛക്തി വകുപ്പുകളായിരുന്നു കൈകാര്യം ചെയ്തിരുന്നത്. ഏ കെ ആന്റണി മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചപ്പോൾ പി കെ വി മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. ചുരുങ്ങിയ കാലത്തിനകം തന്നെ കഴിവുറ്റ ഭരണാധികാരിയാണെന്നു തെളിയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. പി കെ വി മുഖ്യമന്ത്രിയായിരുന്നപ്പോഴായിരുന്നു ദേശവ്യാപകമായി സി ആർ പി എഫുകാരുടെ സമരം നടന്നത്. യുപിയിലും മറ്റും രൂക്ഷമായ സംഘട്ടനങ്ങൾ നടന്നു. കേരളത്തിൽ പള്ളിപ്പുറത്തെ സി ആർ പി എഫ് ക്യാമ്പിലും സമരം തുടങ്ങി. സമരത്തെ പട്ടാളത്തെ ഉപയോഗിച്ചു നേരിടാനായിരുന്നു കേന്ദ്ര സർക്കാർ നിർദേശിച്ചിരുന്നത്. എന്നാൽ കൂടിയാലോചനകളിലൂടെ ഏറ്റുമുട്ടലില്ലാതെ സമരരംഗത്തുള്ള സി ആർ പി എഫുകാരെ നിരായുധരാക്കാൻ കഴിഞ്ഞത് പി കെ വിയുടെ ഭരണപാടവത്തിന്റെ തെളിവാണ്.



**വിനോബഭാവെ**



**ജ്യോതിബസു**

ദേശവ്യാപകമായി ഗോവധം നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് വിനോബഭാവെ നടത്തിയ നിരാഹാര സത്യാഗ്രഹം അവസാനി പ്പിക്കാൻ നടത്തിയ ഇടപെടലും അതേ പോലെ ശ്രദ്ധേയ മാണ്. പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ജ്യോതിബസുവും പി കെ വിയും വിനോബഭാവയെ ചെന്നുകണ്ടു ചർച്ച നടത്തി. കേരള ത്തിലും ബംഗാളിലും ഗോവധം നിരോധിക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളും ഗോവധ നിരോധന ത്തിനുവേണ്ടിയുള്ള പ്രക്ഷോ ഭത്തെ വർഗീയ ചേരിതിരിവിനായി നിക്ഷിപ്ത താൽപര്യ ക്കാർ ഉപയോഗപ്പെടു ത്തുന്നതിന്റെ അപകടവും വിനോബഭാവയെ ബോധ്യ പ്പെടുത്താൻ ഇരു മുഖ്യമന്ത്രി മാർക്കും കഴിഞ്ഞു. സങ്കീർണമായ പ്രശ്നങ്ങളുടെ കുരുക്കഴിക്കുന്നതിനുള്ള പി കെ വിയുടെ കഴിവിന്റെ തെളിവുകളാണിവ. മുഖ്യമന്ത്രി എന്ന നിലയിൽ സങ്കുചിത കക്ഷി പരിഗണനകൾക്കതീത മായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പി കെ വിക്കു കഴിഞ്ഞിരുന്നു.

ഇടതു ജനാധിപത്യശക്തികളുടെ ഐക്യത്തിന്റെ ശക്തനായ വക്താവായിരുന്നു പി കെ വി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭട്ടിൻഡ കോൺഗ്രസ് മുന്നോട്ടുവെച്ച ഇടതു ജനാധിപത്യ ശക്തികളുടെ ഐക്യമെന്ന മുദ്രാവാക്യം യാഥാർഥ്യമാക്കുന്നതിനു മുഖ്യമന്ത്രി സ്ഥാനം ത്യജിച്ച നേതാവാണ് പികെവി പ്രസ്ഥാനത്തിന്റെയും ജനങ്ങ ളുടെയും താൽപര്യങ്ങൾക്കാണ് എന്നും അദ്ദേഹം പ്രഥമ പരി

ഗണന നൽകിയിരുന്നത്. കേന്ദ്ര ഭരണാധികാരികളുടെ ജനവിരുദ്ധ സാമ്പത്തിക നയങ്ങൾക്കും വർഗീയ ശക്തികൾക്കും എതിരായ പോരാട്ടത്തിൽ ഇടതുജനാധിപത്യ ശക്തികളുടെ ഐക്യത്തിന് നിർണായക പങ്കുണ്ട്. ഈ ഐക്യം ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്നതിൽ പി കെ വി നേതൃത്വപരമായ പങ്കുവഹിച്ചു.

ഒരു പതിറ്റാണ്ടിലധികം കാലം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായി പി കെ വി പ്രവർത്തിച്ചു. പാർട്ടിയുടെ കേന്ദ്രസെക്രട്ടറിയേറ്റ് അംഗം, ദേശീയ നിർവാഹക സമിതി അംഗം തുടങ്ങിയ നിലകളിൽ പി കെ വി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. സംഘടനാ രംഗത്തെന്ന പോലെ ആശയ പ്രചരണ രംഗത്തും പി കെ വി ഏറെ ശ്രദ്ധിച്ചിരുന്നു. 1954 മുതൽ മൂന്നുവർഷ ക്കാലം ജനയുഗത്തിന്റെ പത്രാധിപ സമിതി അംഗമായിരുന്ന പി കെ വി വളരെക്കാലം പാർട്ടിയിൽ ജനയുഗത്തിന്റെ ചുമതലക്കാരനായിരുന്നു.

ജനങ്ങൾ കനത്തവെല്ലുവിളി നേരിടുന്ന ഘട്ടത്തിലാണ് നാം പി കെ വി ദിനം ആചരിക്കുന്നത്. ജനങ്ങളെ ദുരിതം തീറ്റിക്കുന്ന സാമ്പത്തിക നയങ്ങൾക്കും അഴിമതിക്കും എതിരെ ദേശവ്യാപക മായി പ്രക്ഷോഭം വളർന്നു വരികയാണ്. കേരളത്തിൽ നേരിയ ഭൂരിപക്ഷത്തിൻ അധികാരത്തിൽ വന്ന യു ഡി എഫ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കിയ ക്ഷേമപദ്ധതികൾ അട്ടിമറിച്ച് ജനങ്ങൾക്കു നേരെ കടന്നാക്രമണം തുടങ്ങിയിരിക്കുകയാണ്. പ്രതിഷേധിക്കുന്നവരെ തല്ലിയൊതുക്കുന്ന നയമാണ് യു ഡി എഫ് സർക്കാർ അവലംബിക്കുന്നത്. ജനങ്ങളുടെയും നാടിന്റെയും ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കാൻ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടമല്ലാതെ മറ്റു വഴിയില്ല. ഈ പോരാട്ടത്തിന് ശക്തി പകരുന്നതാണ് പി കെ വിയുടെ ദീപ്ത സ്മരണ.